**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ്. അംഗങ്ങളായ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.98/2025/GEDN തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. 12.02.2015 തീയതിയിലെ സ.ഉ (കൈ) നം.46/2015/പൊ.വി.വ.
2. 20.07.2022 തീയതിയിലെ സ.ഉ (കൈ) നം.131/2022/പൊ.വി.വ.
3. 15.03.2024 തീയതിയിലെ ജനറൽ കൗൺസിൽ യോഗ തീരുമാനം.
4. എസ്.ഐ.എം.സി. ഡയറക്ടറുടെ 10.06.2024 തീയതിയിലെ 826/എ2/2017/എസ്.ഐ.എം.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന ഏക സ്വയം ഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് & റഗുലേഷൻസ് എന്നിവയിൽ ഭേദഗതി വരുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എസ്.ഐ.എം.സി സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാർക്ക് പെൻഷൻ പ്രായം നിശ്ചയിച്ച് നൽകിയിട്ടില്ല. സ്ഥാപനത്തിൽ ഇ.പി.എഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പെൻഷൻ പ്രായം 56 ആയി പരിഗണിച്ചാണ് ജീവനക്കാർക്ക് വിടുതൽ അനുവദിക്കുന്നത്. കെ.എസ്.ആർ പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം 56 വയസ്സാണ്. ഇ.പി.എഫ് പദ്ധതി പ്രകാരം പെൻഷൻ പ്രായം 58/60 വയസ്സാണെന്നും ഇ.പി.എഫ് പൂർണ്ണ പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായം 58 ആയതിനാൽ 56 വയസ്സിൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്താൽ പെൻഷൻ പൂർണ്ണമായും കിട്ടാത്ത അവസ്ഥയാണെന്നും ആയതിനാൽ കെ.എസ്.ആർ പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത എസ്.ഐ.എം.സി-ൽ ഇ.പി.എഫ് പദ്ധതി പ്രകാരമുള്ള പെൻഷൻ പ്രായം അനുവദിയ്ക്കണമെന്നും ജീവനക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യം പരിഗണിച്ച് സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകുന്നതിന് 15.03.2024 തീയതിയിലെ ജനറൽ കൗൺസിൽ യോഗം തീരുമാനിച്ചുവെന്നും പരാമർശം (4) പ്രകാരം എസ്.ഐ.എം.സി. ഡയറക്ടർ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിലെ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ആയത് പൂർത്തിയാകുവാൻ കാലതാമസം വരുമെന്നതിനാൽ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [13.02.2025-ലെ E:1724949/EDN-B3/39/2021-FIN പ്രകാരം]
പൊതുഭരണ (എസ്.സി.) വകുപ്പ് [28.05.2025-ലെ ഇനം നം.2991 പ്രകാരം]
നോഡൽ ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 30-05-2025 12:32:27

*പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്*

43

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. ആർ2/192/2023/പൊ.വി.വ. ഇനം നം: 2991

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

35

2991

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ആർ2/192/2023/പൊ.വി.വ. |
| 2. | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് |
| 3. | വിഷയം | : | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.05.2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ജയകുമാർ സി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം.

2) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നല്കി അവരെ പുനരധിവസിപ്പിക്കുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട്, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന ഏക സ്വയംഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമാണ് സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി). ഇ.പി.എഫ്. പദ്ധതി നടപ്പാക്കിയിട്ടുള്ള ടി സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാർക്ക് പെൻഷൻ പ്രായം 56 ആയി പരിഗണിച്ചാണ് വിടുതൽ അനുവദിക്കുന്നത്. എന്നാൽ ഇ.പി.എഫ്. പദ്ധതി നടപ്പാക്കിയിട്ടുള്ള ഐ.എം.ജി., അഡാക്ക്, സംസ്ഥാന വികലാംഗ കോർപ്പറേഷൻ, സി-ഡിറ്റ്, സി-ആപ്റ്റ്, അനെർട്ട് എന്നീ സ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം 58/60 വയസ്സാണെന്നും സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഇ.പി.എഫ്. പദ്ധതി പ്രകാരമുള്ള പെൻഷൻ പ്രായം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ജീവനക്കാർ നിവേദനം നൽകുകയുണ്ടായി. ഇ.പി.എഫ് പദ്ധതി മുഖാന്തിരമുള്ള പൂർണ്ണ

പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായം 58 വയസ്സ് ആയതിനാൽ 56 വയസ്സിൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്താൽ പൂർണ്ണമായ പെൻഷൻ കിട്ടാത്ത അവസ്ഥയാണെന്ന് ജീവനക്കാർ അറിയിക്കുകയുണ്ടായി. 15.03.2024-ൽ ചേർന്ന എസ്.ഐ.എം.സി-യുടെ ജനറൽ കൗൺസിൽ യോഗം ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും അനുമതിയ്ക്കായി സർക്കാരിൽ പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 10 സ്ഥിരം ജീവനക്കാരാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

3) എസ്.ഐ.എം.സി. സ്ഥാപനത്തിലെ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ആയത് പൂർത്തിയാകുവാൻ കാലതാമസം വരുമെന്നതിനാൽ ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

*"ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എസ്.ഐ.എം.സി സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച ഭരണ വകുപ്പ് നിർദ്ദേശം അംഗീകരിക്കുന്നു.*

*മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

4) മേൽ സാഹചര്യത്തിൽ, ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എസ്.ഐ.എം.സി സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ

വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തി നല്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സായി ഉയർത്തി നല്കാവുന്നതാണോ ?